# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### ജനന / മരണ സർട്ടിഫിക്കറ്റ് തിരുത്തൽ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1212.** **02.05.17- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.എം. വിൻ സെന്റ് | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തദ്ദേശ-സ്വയംഭരണ സ്ഥാപന-ങ്ങളിൽ നിന്നും ലഭിക്കുന്ന ജനന / മരണ സർട്ടിഫി-ക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നില-വിലുള്ളത്; | (എ) | (1) 5 രൂപ കോർട്ട് ഫീ സ്റ്റാംപ് പതിച്ച അപേക്ഷയോടൊപ്പം ജനനം/മരണം റിപ്പോർട്ട് ചെയ്തപ്പോൾ വിവരം നൽകിയ അധികാരിയുടെ തിരുത്തൽ കത്ത് (സ്ഥാപനം നിലവിലില്ല എങ്കിലോ വീട്ടിൽ വച്ച് നടന്നതെങ്കിലോ ആയത് റിപ്പോർട്ട് ചെയ്ത ആൾ ജീവിച്ചിരിപ്പില്ല എങ്കിലോ പ്രസ്തുത വിവരത്തിന് സത്യവാങ്മൂലം മതിയാകുന്നതാണ്)<br>(2) വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം (പേര്, വിലാസം, എന്നിവയിൽ തിരുത്തൽ വരുത്തേണ്ടപ്പോൾ മാത്രം)<br>(3) തിരുത്തൽ വരുത്തേണ്ട വിവരം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>(4) സ്കൂൾ രേഖ/ ലൈസൻസ്/ പാസ്പോർട്ട്/ തിരിച്ചറിയൽ കാർഡ്/ റേഷൻ കാർഡ് എന്നിവയിലേ-തിന്റെയെങ്കിലും പകർപ്പ്<br>(5) 2 വിശ്വസനീയ വ്യക്തികളുടെ ഡിക്ലറേഷൻ (വസ്തുതാപരമായ തിരു-ത്തലുകൾക്ക്) എന്നിവ സഹിതം അ-പേക്ഷ സമർപ്പിക്കുന്ന മുറക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. 01-04-1970-ന ശേഷമുള്ള രജിസ്ട്രേഷനിൽ വന്നിട്ടുള്ള തിരുത്തലുകൾക്ക് 1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 15-ാം വകുപ്പിലേയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം |

| | | | |
|---|---|---|---|
| | | | ചട്ടത്തിലേയും വ്യവസ്ഥകൾ പാലിച്ച് തിരുത്തൽ വരുത്താവുന്നതാണ്. ഇക്കാര്യത്തിൽ സേവനാവകാശ നിയമം 2012-ൽ പറയുന്ന സമയപരിധി പാലിക്കേണ്ടതാണ്. |
| (ബി) | ചെറിയ തിരുത്തലുകൾ നടത്തുന്നതിനു പോലും വില്ലേജ് ആഫീസ് / ബന്ധപ്പെട്ട ആശുപത്രി / ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം / അപേക്ഷ-കന്റെ ഐ.ഡി / ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് / റേഷൻ കാർഡ് മുതലായ രേഖകൾ, 100 രൂപയുടെ മുദ്രപ്പത്രം സഹിതം അപേക്ഷി-ക്കേണ്ടിവരുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്രയും രേഖകൾ ഹാജരാ-ക്കുവാൻ കഴിയാതെ അപേ-ക്ഷകർ ബുദ്ധിമുട്ടുന്നതിന് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനു പുറമെ ഗവൺ മെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർ ദ്ദേശങ്ങൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുവാൻ രജിസ്ട്രാർമാർക്ക് നിർ ദ്ദേശം നൽകിയിട്ടുള്ളതും ഇതു സംബന്ധിച്ച വിശദമായ സർക്കുലർ ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കിയിട്ടുള്ളതു-മാണ്. |
| (ഡി) | ഒന്നോ രണ്ടോ രേഖകളുടെ അടിസ്ഥാനത്തിൽ ജനന/ മരണ സർട്ടിഫിക്കറ്റുകളിലെ ചെറിയ തിരുത്തലുകൾ നട-ത്തുന്നതിന് ബന്ധപ്പെട്ട-വർക്ക് നിർ ദ്ദേശം നൽകുമോ? | | ചട്ടങ്ങൾക്ക് വിരുദ്ധമായി രജിസ്ട്രേഷൻ തിരുത്തൽ/ റദ്ദാക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ